LIBRARY ARCHIVES Kerala Legislative Assembly

കോടതിഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ ജസ്റ്റിസ് കെ. കെ. നരേന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. കീഴ് കോടതികളിൽ ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന കമ്പ്യൂട്ടറുകളിൽ മലയാളം സോഫ്റ്റ്വെയർ സ്ഥാപിക്കുന്നതിനും നിലവിലെ ഉദ്യോഗസ്ഥർക്ക് മലയാളം പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ന്യായാധിപൻമാർക്ക് പരിശീലനം നൽകുവാൻ മതിയായ സൗകര്യം ഇപ്പോൾത്തന്നെ ഹൈക്കോടതിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത റിപ്പോർട്ടിന്റെ 22-ാം ഖണ്ഡികയിൽ കേരള ഹൈക്കോടതിയുടെ വിധിന്യായങ്ങളും സുപ്രീം കോടതിയുടെ വിധിന്യായങ്ങളുടെ ചുരുക്കക്കുറിപ്പുകളും അടങ്ങിയ മലയാളത്തിലുള്ള ഒരു നിയമ ജേർണൽ പ്രസിദ്ധീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും ആയതിന്റെ പ്രസിദ്ധീകരണത്തിന് ഹൈക്കോടതിയുമായി ആലോചിച്ച് സർക്കാർ വേണ്ട നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ 2-3-2012-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 78/2012/നിയമം ഉത്തരവിലൂടെ നിയമ ഔദ്യോഗിക ഭാഷാ പ്രസിദ്ധീകരണ സെൽ രൂപീകരിക്കുകയുണ്ടായി. കോടതി ഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച പ്രസ്തുത സെൽ പ്രധാനപ്പെട്ടതും പ്രസക്തവുമായ സുപ്രീംകോടതി വിധിന്യായങ്ങളുടെയും ഹൈക്കോടതി വിധിന്യായങ്ങളുടെയും പരിഭാഷയും നിയമ ലേഖനങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ നിയമ ജേർണലായ 'നിയമ ധ്വനി'-യുടെ രണ്ട് പുസ്തകങ്ങൾ ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമ വിദ്യാഭ്യാസ മാധ്യമം മലയാളത്തിലാക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനം കൈക്കൊള്ളുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം

152 (7988) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ്ജ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മിതി കേന്ദ്രത്തിന്റെ ആകെ ആസ്തി കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത സ്ഥാപനം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായ പ്രവർത്തനശൈലിയാണോ പിൻതുടരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് നിലവിൽ എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ ;

(ഡി) നിലവിൽ നിർമ്മിതി കേന്ദ്രം ഏറ്റെടുത്തു നടത്തുന്ന പ്രധാന പ്രോജക്ടുകളുടെ വിശദാംശങ്ങൾ നല്കുമോ ;

(ഇ) സർക്കാർ മേഖലയിലെ നിർമ്മാണ പ്രവൃത്തികളുടെ ഒരു നിശ്ചിത ശതമാനം സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് ലഭിക്കത്തക്കവിധം ഇതര വകുപ്പുകളുടെ സഹകരണം ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കേരളത്തിൽ 20.86 ഏക്കർ സ്ഥലമുണ്ട്. ഇത് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഉപയോഗത്തിന് സർക്കാർ നൽകിയതാണ്. ആയതിന് ഏകദേശം 20 കോടിയും ഇതിൽ കെസ്റ്റിക് നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഏകദേശം 3 കോടിയും വാഹനങ്ങൾക്ക് 15 ലക്ഷവും മെഷീനുകൾക്ക് 1 കോടിയും സ്ഥാവര ജംഗമ വസ്തുക്കൾക്ക് ഏകദേശം 55 ലക്ഷം രൂപയും വില കണക്കാക്കുന്നു.

(ബി) ചെലവ് കുറഞ്ഞതും പ്രകൃതിക്ക് ഇണങ്ങിയതുമായ ഗുണമേന്മയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ഉദ്ദേശ ലക്ഷ്യം. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

1. കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ചെലവ് കുറഞ്ഞ സാങ്കേതികവിദ്യകളിൽ ജനങ്ങൾക്ക് അവബോധം നൽകുക.
2. ആവശ്യക്കാർക്ക് ചെലവ് - കുറഞ്ഞ രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക.
3. കെട്ടിട നിർമ്മാണ ന്യായവില വിപണനകേന്ദ്രം (കലവറ) വഴി ബി.പി.എൽ. ഗുണഭോക്താക്കൾക്ക് 15% സൗജന്യ നിരക്കിൽ സിമന്റ്, കമ്പി എന്നിവ നൽകുക.
4. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പരിശോധനശാലകൾ നടത്തുക.
5. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനശാലകൾ വഴി ഗുണമേന്മയുള്ള ഹോളോബ്രിക്സ്, ജനൽ, വാതിൽ കട്ടിളകൾ എന്നിവ നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

6. തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകുക.
7. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കീഴിലുള്ള ലാറി ബേക്കർ ഇന്റർ നാഷണൽ ഹാബിറ്റാറ്റ് സ്റ്റഡീസ് എന്ന സ്ഥാപനം വഴി എഞ്ചിനീ യർമാർക്ക് കൺസ്ട്രക്ഷൻ മാനേജ്മെന്റിൽ പരിശീലനം നൽകുക.
8. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകുക.

(സി) നിലവിൽ ഓരോ വർഷവും പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി കലവറ, പ്രൊഡക്ഷൻ സെന്റർ തുടങ്ങിയ ജനങ്ങൾക്ക് ആവശ്യമായ എല്ലാ പദ്ധതികളും പുതുതായി ആരംഭിക്കുകയും നിലവിലുള്ളവ പുനരുദ്ധരിക്കുകയും ചെയ്തു വരുന്നു. പുതിയ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് തുടങ്ങി. അതോടൊപ്പം ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വാഴമുട്ടത്ത് 6.95 ഏക്കർ സ്ഥലത്ത് ഗവേഷണ സ്ഥാപനം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 73 കോടി രൂപയുടെ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. സർക്കാരിന്റെ വിവിധ ഡിപ്പാർട്ട്മെന്റുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേന്ദ്ര ഗവൺമെന്റ്, സ്വകാര്യ വ്യക്തികൾ എന്നിവയുടേതാണ് ഈ പ്രോജക്ടുകൾ. 1 കോടി രൂപയ്ക്കുമേലുള്ള ചില പ്രധാനപ്പെട്ട പ്രോജക്ടുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഇ) സർക്കാർ മേഖലയിലെ നിർമ്മാണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിനെയല്ലാതെ മറ്റ് ഏജൻസികളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

സർക്കാർ ജീവനക്കാർക്ക് ഭവന പദ്ധതി

153 (7989) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്ക് ഭവനപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഭവന നിർമ്മാണ ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly